Web & New Media

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ശ്രീ. സോണി ജോൺ റ്റി-യ്ക്ക് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി കാലയളവ് ശമ്പളവും അലവൻസുകളും ഒഴികെയുള്ള സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(കൈ) നം.129/2024/HEDN    തീയതി,തിരുവനന്തപുരം, 26-02-2024

---

പരാമർശം:-

1. സർക്കുലർ നം.72/2005/ധന തീയതി 30.12.2005.
2. ശ്രീ.സോണി ജോൺ സമർപ്പിച്ച 04.07.2021-തീയതിയിലെ അപേക്ഷ.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 04.05.2023,16.07.2023,20.10.2023 തീയതികളിലെ ഡി1/6159/2023/കോ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ശ്രീ. സോണി ജോൺ റ്റി 15.03.2007 മുതൽ 14.03.2011 വരെ ആസ്ട്രേലിയയിലെ വിക്ടോറിയ സർവ്വകലാശാലയിൽ പി.എച്ച്.ഡി ചെയ്യുന്നതിനായി കെ.എസ്.ആർ ഭാഗം I റൂൾ 88 പ്രകാരം അനുവദിച്ച ശൂന്യവേതനാവധി കാലയളവ് ശമ്പളവും അലവൻസുകളും ഒഴികെയുള്ള സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന് പരാമർശം (2) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചു. ആയതിൻമേലുള്ള റിപ്പോർട്ട് പരാമർശം (3) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനു സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എയ്ഡഡ് കോളേജ് ഉൾപ്പെടെ എല്ലാ കോളേജ് അധ്യാപകരുടേയും സർവ്വീസ് വിഷയങ്ങൾ കേരളാ സർവ്വീസ് ചട്ടങ്ങളും അതത് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്സ് പ്രകാരവുമാണ് കൈകാര്യം ചെയ്യുന്നത്. ഒരു സർവ്വീസ് ആനുകൂല്യത്തിനും കണക്കാക്കാറില്ല എന്നത് ശൂന്യ വേതനാവധിയുടെ കാതലായ തത്ത്വമാണ്. കെ.എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ഉപയുക്തമാക്കിയ ശൂന്യ വേതനാവധി കാലയളവുകൾ ഇൻക്രിമെന്റ്,ഹയർഗ്രേഡ്,പെൻഷൻ,ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് അയോഗ്യതാകാലവും സീനിയോറിറ്റി, അർദ്ധ വേതനാവധി എന്നിവയ്ക്ക് യോഗ്യതാകാലവുമാണ്. ഈ ചട്ട നില പരാമർശം (1) സർക്കലറിൽ

സ്പഷ്ടീകരിച്ചിട്ടുമുണ്ട്.മേൽ സാഹചര്യത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ശ്രീ. സോണി ജോൺ റ്റി-യ്ക്ക് 15.03.2007 മുതൽ 14.03.2011 വരെ പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി കാലയളവ് ശമ്പളവും അലവൻസുകളും ഒഴികെയുള്ള സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന ടിയാന്റെ പരാമർശം (2)അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിനി .ജെ .ഷുക്കൂർ

അഡിഷണൽ സെക്രട്ടറി

ശ്രീ. സോണി ജോൺ റ്റി., അസോസിയേറ്റ് പ്രൊഫസർ, ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

കോളേജ് വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശൂർ

മാനേജർ/പ്രിൻസിപ്പൽ , ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്)കേരള, തിരുവനന്തപുരം

പൊതുഭരണ എസ്.സി. വകുപ്പ് (21.02.2024-ലെ ഇനം നം. 2046 പ്രകാരം)

ധനകാര്യവകുപ്പ് (02.03.2022, 12.12.2023 തീയതികളിലെ 405823/എഡ്യൂ-സി4/46/2017-ധന പ്രകാരം )

www.highereducation.kerala.gov.in

കരുതൽ പകർപ്പ് (ഡി2/347/2021/ഉ.വി.വ)

ഐ & പി.ആർ. ഡി

ഉത്തരവിൻ പ്രകാരം

Signed by

Geetha Lekshmi G

Date: 27-02-2024 11:02:54

സെക്ഷൻ ഓഫീസർ

<u>രഹസ്യം</u>

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-02-2024

ഫയൽ നം. ഡി2/347/2021/ഉ.വി.വ. ഇനം നം: 2046

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അസോസിയേറ്റ് പ്രൊഫസർ ശ്രീ. സോണി ജോൺ.റ്റി പഠനാവശ്യത്തിനായി ഉപയോഗിച്ച ശൂന്യവേതനാവധി കാലയളവ് സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നത്.

70. തീരുമാനം : അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

21/2.
AS (D)

2046

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | :ഡി2/347/2021/ഉ.വി.വ |
| 2. | വകുപ്പ് | :ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ് |
| 3. | വിഷയം | : ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അസോസിയേറ്റ് പ്രൊഫസർ ശ്രീ. സോണി ജോൺ റ്റി. പഠനാവശ്യത്തിനായി ഉപയോഗിച്ച ശൂന്യ വേതനാവധി കാലയളവ് സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 19.10.2022 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി.സിനി ജെ. ഷുക്കൂർ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി. ഇഷിത റോയ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 22.01.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വി വേണു |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 09.02.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ഡോ. ആർ. ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് മന്ത്രി അംഗീകരിച്ച തീയതി | : 12.02.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 13.02.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ശ്രീ. സോണി ജോൺ റ്റി-യ്ക്ക് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി കാലയളവ് ശമ്പളവും അലവൻസുകളും ഒഴികെയുള്ള സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2. ശ്രീ. സോണി ജോൺ റ്റി., 15.03.2007 മുതൽ 14.03.2011 വരെ ആസ്ട്രേലിയയിലെ വിക്ടോറിയ സർവ്വകലാശാലയിൽ പി.എച്ച്ഡി ചെയ്യുന്നതിനായി കെഎസ്ആർ ഭാഗം I, റൂൾ 88 പ്രകാരം ശൂന്യവേതനാവധി എടുക്കുകയുണ്ടായി. അതിനുശേഷം, പ്രസ്തുത അവധി കാലയളവ് ശമ്പളം ഒഴികെയുള്ള സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന് ടിയാൻ ആവശ്യപ്പെട്ടുകയും ആയത് പരിശോധിച്ച് KSR Part I Rule 88 പ്രകാരം അനുവദിച്ച ശൂന്യവേതനാവധി സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുവാൻ കഴിയുകയില്ല എന്ന് 03/11/2018 ലെ ഡി2/500/2016/ഉവിവ പ്രകാരം മറുപടി നൽകിയിരുന്നു.

3. ശ്രീ. സോണി ജോൺ റ്റി പ്രസ്തുത ആവശ്യവുമായി വീണ്ടും സർക്കാരിനെ സമീപിക്കുകയുണ്ടായി. KSR Part I Rule 88 പ്രകാരം പഠനാവശ്യത്തിനായി എടുത്ത ശൂന്യവേതനാവധി കാലയളവ് സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുന്ന വിഷയത്തിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ, ടി വകുപ്പ് ഇപ്രകാരം അറിയിച്ചു.

*"Administrative Department is informed that Finance Department sticks to its speaking remarks dated 04/04/2017 in AD file No.E(351265)No.HEDN-D2/500/2016 based on the Kerala Service Rules. The cardinal principle of LWA is that it will not be considered for any service benefits. There is not enough reason to reconsider the stand of this Department as this may lead to unwanted precedence and litigations. Hence Finance Department regrets its inability to consider the proposal of Administrative Department"*

4. സമാനമായ കേസുകളിൽ മറ്റ് അദ്ധ്യാപകർക്ക് ശമ്പളവും

അലവൻസുകളുമൊഴികെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളതായി കാണുന്നതിനാലും യു.ജി.സി. റെഗുലേഷൻ സ്റ്റഡി ലീവെന്ന നിലയിൽ എടുക്കുന്ന അവധി ഡ്യൂട്ടിയായി പരിഗണിച്ച് സർവ്വീസ് ആനുകൂല്യങ്ങൾ നൽകണം എന്ന് വ്യക്തമാക്കുന്നതിനാലും ധനകാര്യ വകുപ്പിന്റെ ഇക്കാര്യത്തിലുള്ള തീരുമാനത്തെ മറികടന്ന് പഠനത്തിനു വേണ്ടി ഡോ. സോണി ജോൺ റ്റി എടുത്ത 15.03.2007 മുതൽ 14.03.2011 വരെയുള്ള ശൂന്യവേതനാവധി ശമ്പളവും അലവൻസുകളുമൊഴികെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കാമോ എന്നതിൽ ഉത്തരവിനായി സമർപ്പിച്ചപ്പോൾ ടി വിഷയം ബഹു.മുഖ്യമന്ത്രി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

5. ബഹു മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി താഴെപ്പറയും പ്രകാരം നിർദ്ദേശിച്ചു.

*"പ്രൊഫസർ സോണി ജോണിന് നൽകുന്ന ആനുകൂല്യം സമാനമായ രീതിയിൽ ലീവെടുത്തിട്ടുള്ളവർക്കും നൽകേണ്ടി വരും. അതിനാൽ ഈ ചട്ടപ്രകാരം പഠനാവശ്യത്തിന് ലീവനുവദിക്കുകയും പിന്നീട് സർവ്വീസ് ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ള എത്ര കേസുകൾ തീർപ്പാക്കാൻ നിലവിലുണ്ടെന്നും, മുൻപ് ഇതു പോലെ ആനുകൂല്യങ്ങൾ നൽകിയ കീഴ്വഴക്കമുണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും ചൂണ്ടിക്കാണിച്ചു കൊണ്ട് കുറിപ്പ് പുതുക്കി സമർപ്പിക്കുക"*

6. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും സർക്കാരിൽ ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിൽ മേൽ നിർദ്ദേശം പരിശോധിച്ചു. തൃശ്ശൂർ പ്രജ്യോതി നികേതൻ കോളേജിലെ അദ്ധ്യാപകൻ ഫാ.കെ.ടി.ബാബു 14/06/2003 മുതൽ 31/10/2006 വരെ പഠനാവശ്യത്തിനായി എടുത്ത ശൂന്യവേതനാവധി പ്രത്യേക കേസായി പരിഗണിച്ച് ശമ്പളം ഒഴികെ എല്ലാ സേവനാനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതിന് 29/12/2011-ലെ സ.ഉ.(സാധാ)നം.2186/11/ഉവിവ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. അതുപോലെ 10/04/2001-ലെ സ.ഉ.(സാധാ)നം.753/2001/ഉവിവ പ്രകാരം എൽതുരുത്ത് സെന്റ് അലോഷ്യസ്

കോളേജിലെ അദ്ധ്യാപകൻ ശ്രീ.ജോൺസൺ-ന്റെ 03/09/1996 മുതൽ 02/09/1999 വരെയുള്ള ശൂന്യവേതനാവധിയും ശമ്പളം ഒഴികെ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നതാണ് എന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 18.09.2017 ലെ സ.ഉ.(സാധാ) നം. 1661/2017/ഉവിവ ഉത്തരവ് പ്രകാരം ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. സോണി സ്കറിയ എടുത്ത 21.07.2008 മുതൽ 20.07.2011 വരെയുള്ള ശൂന്യവേതനാവധിയും ശമ്പളം ഒഴികെ എല്ലാ സേവനാനുകൂല്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിക്കാവുന്നതാണ് എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സമാന ആവശ്യവുമായി സർക്കാരിനെ സമീപിച്ച ക്രൈസ്റ്റ് കോളേജിലെ അദ്ധ്യാപകൻ ശ്രീ. ഡിജോ ഡാമിയന്റെ അപേക്ഷ തീർപ്പാക്കാൻ നിലവിലുണ്ട്.

7. ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി താഴെപ്പറയും പ്രകാരം നിർദ്ദേശിച്ചു.

*"ചട്ടവിരുദ്ധമായി ആനുകൂല്യങ്ങൾ അനുവദിക്കുന്നത്, സമാന സാഹചര്യത്തിലുള്ളവർ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നു മാത്രമല്ല ഇതര വകുപ്പുകളിൽ നിന്നും ഇതേ ആവശ്യവുമായി സർക്കാരിനെ സമീപിക്കുന്നതിനിടയാക്കുന്നതാണ്. ഇപ്പോൾ സാമ്പത്തിക ഞെരുക്കം നേരിടുന്ന സർക്കാരിന് ഇത് അധിക സാമ്പത്തികബാധ്യത സൃഷ്ടിക്കും. എന്നാൽ, ഇത്തരത്തിൽ ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതിന് കീഴ്വഴക്കം ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ടി വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഒരിക്കൽ കൂടി ലഭ്യമാക്കി അതു കൂടി മന്ത്രിസഭാകുറിപ്പിൽ ഉൾപ്പെടുത്തി ഫയൽ സമർപ്പിക്കുക."*

8. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിരിക്കുകയാണ്.

*"ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസർ ശ്രീ. സോണി ജോണിന് പി.എച്ച്.ഡി. പഠനത്തിനായി കെ.എസ്.ആർ., ഭാഗം I, ചട്ടം 88*

പ്രകാരം അനുവദിച്ച ശൂന്യവേതനാവധി കാലയളവ് (15.03.2007 മുതൽ 14.03.2011 വരെ) ഇൻക്രിമെന്റിന് പരിഗണിക്കണമെന്ന ആവശ്യം ഇതിനകം ധനകാര്യ വകുപ്പ് നിരസിച്ചിട്ടുള്ളതാണ്. കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. സ്കീം പ്രകാരമുള്ള ശമ്പളമാണ് നൽകുന്നതെങ്കിലും എയ്ഡഡ് കോളേജ് ഉൾപ്പെടെ എല്ലാ കോളേജ് അദ്ധ്യാപകരുടെയും സർവ്വീസ് വിഷയങ്ങൾ കേരള സർവ്വീസ് ചട്ടങ്ങളും അതത് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്സ് പ്രകാരവുമാണ് കൈകാര്യം ചെയ്യുന്നത്. GO(P)No.65/2007/Fin Dated 19.02.2007 പ്രകാരം കേരള സർവ്വീസ് ചട്ടങ്ങളിൽ നിന്നും "Study Leave/പഠന അവധി " നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ യു.ജി.സി. സ്കീം പ്രകാരമുള്ള അവധി ആനുകൂല്യങ്ങൾ സംസ്ഥാനത്ത് ബാധകമാക്കിയിട്ടില്ല. ഒരു സർവ്വീസ് ആനുകൂല്യത്തിനും കണക്കാക്കാറില്ല എന്നത് ശൂന്യവേതനാവധിയുടെ കാതലായ തത്വമാണ്. കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ഉപയുക്തമാക്കിയ ശൂന്യവേതനാവധി കാലയളവുകൾ ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് അയോഗ്യതാകാലവും, സീനിയോറിറ്റി, അർദ്ധവേതന അവധി എന്നിവയ്ക്ക് യോഗ്യതാകാലവുമാണ്. ഈ ചട്ടനില 30/12/2005-ലെ 72/2005/ധന നം സർക്കുലറിൽ സ്പഷ്ടീകരിച്ചിട്ടുമുണ്ട്.

ചട്ടവിരുദ്ധമായി ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ഭ.വ. ന.ഫ. പേ.129-ൽ പരാമർശിക്കുന്നത് പോലെ ഇതര വകുപ്പുകളിൽ നിന്നും സമാന ആവശ്യങ്ങൾ ഉയരുന്നതിനും അനാവശ്യ കോടതി വ്യവഹാരങ്ങൾക്കും അധിക സാമ്പത്തിക ബാദ്ധ്യതയ്ക്കും വഴിതെളിക്കും. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ചട്ടത്തിൽ ഇളവ് വരുത്തി ഇത്തരം അധിക സാമ്പത്തിക ആനുകൂല്യങ്ങൾ വ്യക്തികൾക്ക് അനുവദിക്കുന്നത് ആശാസ്യമല്ല. ഏതെങ്കിലും ഒരു ഫയലിൽ "very special കേസായി" പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകിയത് ഒരിക്കലും ജനറലൈസ് ചെയ്യുവാനോ കീഴ്വഴക്കമായി കണക്കാക്കുവാനോ ആകില്ല. ആയതിനാൽ ധനകാര്യ വകുപ്പ് ചട്ടപ്രകാരമുള്ള മുൻ നിലപാടിൽ ഉറച്ചു നിൽക്കുന്നതായി അറിയിക്കുന്നു. കൂടാതെ 04/07/2009 ലെ സർക്കുലർ നം 52/2009/ധന (attached below) യിലെ ഖണ്ഡിക 3 (a) യിലേക്കും ശ്രദ്ധ

ക്ഷണിക്കുന്നു.

*ഈ തീരുമാനത്തിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്. "*

**തീരുമാനമെടുക്കേണ്ട വിഷയം**

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ശ്രീ. സോണി ജോൺ റ്റി പഠനാവശ്യത്തിനായി ഉപയോഗിച്ച 15.03.2007 മുതൽ 14.03.2011 വരെയുള്ള ശൂന്യവേതനാവധി കാലയളവ്, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് കൊണ്ട്, ശമ്പളവും അലവൻസുകളും ഒഴികെയുള്ള സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കാമോ?